

# പ്രിയദർശനം - കുമാരനാശാൻ

## mukulam malayalam Aplus capsule from: Suresh Areekode

## 1 Score 2 Score sure plus questions and answers

1. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!

ദിഷ്ടമീ വടിവിയന്നപോൽ - അടിവരയിട്ട ശബ്ദം കാവ്യ സന്ദർഭത്തിൽ വരുത്തുന്ന ഭാവം എന്ത്?

a) സങ്കടം   b)അദ്ഭുതം   c) ആശ്വാസം

2. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ

ദിഷ്ടമീ വടിവിയന്നു വന്നപോൽ – അടിവരയിട്ട പദത്തിന്റെ അർത്ഥം എഴുതുക   a) കാണാനായത്,

b) ദിക്ക്   c) ഭാഗ്യം

3. പണ്ടു നിന്നെയൊരിളംകുരുന്നതായ്

കണ്ടു ഞാൻ, സപദിവല്ലിയായി നീ - നളിനിയുടെ പ്രായത്തെക്കുറിച്ച് വരികളിലെ സൂചനയെന്ത്?

a) ബാല്യം,   b) ശൈശവം  c) യൗവ്വനം

4. പൂരിതാഭ _ എന്ന പദത്തിന്റെ വിഗ്രഹാർത്ഥമേത്?

a) പൂരിതമായ ആഭ   b) പൂരിതവും ആഭയും   c) പൂരിതരുടെ ആഭ

5. താഴെ തന്നിരിക്കുന്നവയിൽ തദ്ധിതമല്ലാത്തത് ഏത്?

a) സൗമിത്രി.   b) വൈരസേനി,   c) ശകുന്തള

6. പ്രാണനോടുമൊരുനാൾ ഭവൽ പദം

കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ

കേണുവാണിവിടെ; യേകമർഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ - 'അർഥി' എന്ന വാക്ക് സന്ദർഭത്തിൽ ആരെക്കുറിക്കുന്നു.?

a) ദിവാകരൻ,   b) ഈശ്വരൻ   c) നളിനിയെ

7. "ധന്യയായ് സപദി കാൺകമൂലമ-

ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"- ഇവിടെ പ്രകടമാകുന്ന നളിനിയുടെ വ്യക്തിത്വസവിശേഷത എന്ത്?

a) ദിവാകരന്റെ കാപട്യം  b) സ്നേഹ ശൂന്യത  c) നിസ്വാർഥമായ പ്രേമം

8. "ഭാവശാലികൾ പിരിഞ്ഞു കൂടിയാ-

ലീവിധം വികലമാം സുഖോദയം" -'സുഖോദയം വികലമായതെങ്ങനെ'?a)സ്നേഹമുള്ളവർ പിരിഞ്ഞ ശേഷം വീണ്ടും കണ്ടുമുട്ടിയതിനാൽ. b) സന്യാസിയായ ദിവാകരനെ കണ്ടത്  c) ദിവാകരൻ ഒന്നും മിണ്ടാത്തത്

9. "ധീരനായ യതി നോക്കി തന്വിതൻ

ഭൂരിബാഷ്പ പരിപാടലം മുഖം

പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ

ധാരായാർന്ന പനിനീർസുമോപമം" - നളിനിയുടെ മുഖത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

a) മഴത്തുള്ളിയോട്,  b) പ്രഭാതത്തിൽ മഞ്ഞുകണങ്ങൾ പറ്റിയ പനിനീർ പൂവിനോട് c) ചെന്താർ മലരിനോട്

10. "ചാരുശൈശവകഥക്കുതന്നെചേർ-

ന്നൊരുവാക്കരുളിനാൻ കനിഞ്ഞവൻ " - അടിവരയിട്ട പദത്തിന്റെ വിഗ്രഹാർത്ഥം കുറിക്കുക.?

a) ചാരുവായ ശൈശവകഥ b) ചാരുവും ശൈശവവുമായ കഥ c) ചാരുവിന്റെകഥ

11. "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ

ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ " - അടിവരയിട്ട അക്ഷരങ്ങളുമായി ബന്ധപ്പെട്ട കാവ്യപരമായ സവിശേഷത എഴുതുക?

a) അനുപ്രാസം b) ദ്വിതീയാക്ഷര പ്രാസം c) അന്ത്യ പ്രാസം

12. പണ്ടുനിന്നെയൊരിളം കുരുന്നതായ്

കണ്ടു ഞാൻ,സപദി വല്ലിയായി നീ - അടിവരയിട്ട പദത്തിന്റെ അർത്ഥം താഴെ പറയുന്നവയിൽ ഏത്?

a) വള്ളി b) ഇപ്പോൾ c) പതിയോട്ടു കൂടി

13. പ്രണയചാപലം - വിഗ്രഹാർത്ഥം ഏത്?

a) പ്രണയവും ചാപലവും b) പ്രണയമാവുന്ന ചാപലം c) പ്രണയത്താലുള്ള ചാപലം

14. "നീ തുനിഞ്ഞു - നിജകർമ്മനീതരായ്

യേതുമാർഗമിയലാ ശരീരികൾ! "- അർത്ഥം വ്യക്തമാക്കുക?

a) സ്വന്തം കർമ്മം പൂർത്തിയാക്കുന്നതിന് വേണ്ടി മനുഷ്യൻ ഏതു രീതിയിലുള്ള മാർഗവും സ്വീകരിക്കാറുണ്ട്.

b) മനുഷ്യൻ സ്വാർത്ഥനായി c) പ്രണയത്തിലെ ചപലതകൾ തിരിച്ചറിഞ്ഞത്

15. "കേണുവാണിവിടെയേകമർഥിയാം

പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ "- വരികളിൽ പ്രകടമാവുന്ന ഭാവം?

a) അദ്ഭുതം b) പ്രതീക്ഷ, c) നിരാശ,

16. "അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ "- വരികളിലെ സന്ദേശം എന്ത്?

a) വിവേകികളായ ആളുകൾ സ്വന്തം ജീവിതം മറ്റുള്ളവർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് കൃതകൃത്യരാകും. b) വിവേകികൾ സ്വന്തം കാര്യം നോക്കും c)യൗവ്വനത്തിൽ വിവേകമില്ലാത്തവരായി പ്രവർത്തിക്കും.

17. "ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ" - നളിനിയുടെ ഈ പരിചയപ്പെടുത്തലിന്റെ ഔചിത്യമെന്ത്?

a) ദിവാകരൻ തന്നെ തിരിച്ചറിഞ്ഞില്ലെന്ന് നളിനി മനസ്സിലാക്കിയതിനാൽ. b) സന്യാസിനിയായതിനാൽ ശ്രദ്ധിക്കാത്തത് c) ദിവാകരന്റെ മനംമാറ്റം

18. ദിഷ്ടമീവടിവിയന്നു വന്നപോൽ

ദൃഷ്ടനായിഹ ഭവാൻ! - അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക.?

a) ദിക്ക് , ദൃഷ്ടൻ b) ഭാഗ്യം, ദിക്ക് c) ഭാഗ്യം, കാണപ്പെട്ട

19. "സന്യസിച്ചളവുമാസ്ഥയാൽ ഭവാൻ

തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ

ധന്യയായ് സപദി കാൺകമൂലമ

ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും"

- ഇവിടെ നളിനി താൻ *ധന്യയായ്* എന്ന് പറയുന്നതിന്റെ പൊരുൾ എന്ത്?

a)സന്യാസി രൂപത്തിൽ ദിവാകരനെ കണ്ടത് b) അപ്രതീക്ഷിതമായി ദിവാകരനെ കാണാൻ കഴിഞ്ഞത്.

c) ഒരിക്കലും കണ്ടുമുട്ടുമെന്ന് കരുതാതിരുന്നത്

20. പോയതൊക്കെയഥമാ നമുക്കയെ

പ്രായവും സപദി മാറി കാര്യവും

ആയതത്വമറിവിന്നു മാർന്നു,-പോ

ട്ടായതെന്തിവിടെ വാണിടുന്നു നീ ?- അടിവരയിട്ട ഭാഗത്തിന്റെ അർത്ഥസൂചന എന്ത്?

a) പക്വതയില്ലാതെ പെരുമാറുന്നു, b) കൂടുതൽ സ്വാർത്ഥരാകുന്നു. c) വേണ്ടത്ര അറിവും പക്വതയും വന്നു.

21. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!

ദിഷ്ടമീ വടിവിയന്നു വന്നപോൽ

ദൃഷ്ടനായിഹ ഭവാൻ! ഭവാനു പ-

ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!_ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിക്കുറിക്കുക '

a) ഉപമ, b) ഉൽപ്രേക്ഷ c) ദ്വിതീയാക്ഷര പ്രാസം,

22. 'ഒരു സ്നേഹം' എന്നുകൂടി പേരുള്ള മഹാകവി കുമാരനാശാന്റെ കൃതിയേത്?

a) പ്രരോദനം b)കരുണ c)നളിനി

23. മലയാള കവിതയിൽ സ്ത്രീ പുരുഷ ബന്ധത്തിന്റെ പുതിയ മാനങ്ങൾ സൃഷ്ടിച്ച മഹത്തായ ഖണ്ഡകാവ്യമെന്നറിയപ്പെടുന്ന കൃതി ഏത്?

a) കരുണ b) നളിനി c) ചണ്ഡാലഭിക്ഷുകി

24. അവനവനാത്മസുഖത്തിനാചരിക്കുന്നവ

യപരന്നു സുഖത്തിനായി വരേണം. _ ***ശ്രീനാരായണഗുരു.*** വരികളിലെ ജീവിതവീക്ഷണമെന്ത്?

a) സ്വാർത്ഥത വിവേകശാലികൾക്ക് ഭൂഷണം b)സ്വാർത്ഥത ബന്ധങ്ങൾക്ക് വിലങ്ങാകുന്നു.c) സ്വാർത്ഥ ചിന്തയില്ലാതെ മറ്റുള്ളവരെ കൂടി മുന്നിൽക്കണ്ട് ജീവിക്കണം

25. ***കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!***

ദിഷ്ടമീ വടിവിയന്നു വന്നപോൽ

ദൃഷ്ടനായിഹ ഭവാൻ! ഭവാനു പ-

ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!

*കഷ്ടകാലമഖിലം കഴിഞ്ഞു* എന്നു പറയുന്നതിന്റെ ഔചിത്യം വ്യക്തമാക്കുക

a) നളിനിക്ക് പുതിയ പ്രതീക്ഷയുണ്ടാകുന്നത് b) വർഷങ്ങൾക്ക് ശേഷം ഹിമാലയത്തിൽ വെച്ച് സന്യാസിയായി കഴിയുന്ന ദിവാകരനെ കണ്ടുമുട്ടുന്നതിനാൽ ആശ്വസിക്കുന്നു. c) രണ്ട് പേർക്കും സന്യാസി ജീവിതം നയിക്കാം.

**prepared by :SURESH AREEKODE, HST, UGRAPURAM**
**MA(Malayalam)MA(English)MA(Journalism)PH:9562521509**
**Visit my youtube:*mukulam malayalam* for more resources-malayalam, social science and PDF Notes.**